**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** **29-07-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വെട്ടിപ്പ് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. യിൽ വ്യാജ ഇൻപുട്ട് ടാക്സ് ഉൾപ്പെടെ മുപ്പത്തി അയ്യായിരം കോടിയിലധികം രൂപയുടെ ക്രമക്കേടുകൾ കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം കേന്ദ്ര ഏജൻസികൾ കണ്ടുപിടിച്ചെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ജി.എസ്.ടി.യിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുണ്ടെന്ന് സൂചിപ്പിക്കുന്നതിനാൽ സംസ്ഥാനത്ത് ജി.എസ്.ടി. വെട്ടിപ്പ് തടയാനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ഉണ്ട്. ജി. എസ് . ടി. വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ . എൻ . പി . ആർ . ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വാഹനപരിശോധന കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം - അമരവിള, പാലക്കാട് - വാളയാർ, കാസർഗോഡ് - ബംഗ്ലമഞ്ചേശ്വരം എന്നിവിടങ്ങളിൽ കമാൻഡ് സെന്ററുകൾ സ്ഥാപിച്ച് റോഡുകളിൽ സ്ക്വാഡുകളുടെ സജീവ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് " ബോഡിവോൺ " ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട് . അണ്ടർ വാല്യൂവേഷൻ കേസുകൾ , ബില്ല് തുടങ്ങിയവ ജി . എസ് . ടി പോർട്ടലിലേക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ഇവ കൂടാതെ വാഹന പരിശോധന ഫോറങ്ങൾ പൂർണമായും ഓൺലൈൻ ആയി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . ജി.എസ്.ടി യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ |

| | | | |
|---|---|---|---|
| | | | തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം നികുതിവെട്ടിപ്പിനെതിരെ ഉള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടിക്ക് മുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പ നടത്തിയ രണ്ടു വ്യക്തികളെ സംസ്ഥാന ചരക്കു സേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി. |
| (ബി) | ഏതുവർഷം വരെയുള്ള വാർഷിക റിട്ടേണുകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ 2019-20 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിട്ടേണുകളാണ് ഫയൽ ചെയ്തിട്ടുള്ളത്. |
| (സി) | ചെക്ക്പോസ്റ്റ് സംവിധാനം ഇല്ലാതായതിന് ബദൽ എന്ന നിലയിൽ ഇ-വെബിൽ ക്യാമറ നിരീക്ഷണം നടത്തിയ നടപടി എത്രമാത്രം ഫലപ്രദമായിട്ടുണ്ട്; ക്രോസ് വെരിഫിക്കേഷൻ സാദ്ധ്യമാകും വിധം ഇലക്ട്രോണിക് ഡാറ്റ ലഭ്യമാണോ; വ്യക്തമാക്കാമോ? | (സി) | എ . എൻ . പി . ആർ ക്യാമറ നിരീക്ഷണം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 22/07/2021 വരെ 22 കേസുകളിൽ 88.58 ലക്ഷം രൂപ നികുതിയും പെനാൽറ്റിയുമായി ചുമത്തിയിട്ടുണ്ട്. ക്യാമറയുടെ ദൃശ്യങ്ങളിൽ നിന്നുള്ള ഡാറ്റ ക്രോസ്സ് വെരിഫൈ ചെയ്യുന്നതിന് ഇ - വേബിൽ ഡാറ്റ ഇപ്പോൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ